# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1050 — 14.01.2021 ൽ മറുപടിയ്ക്ക്

## എലമ്പുലാശ്ശേരി സർക്കാർ ഐ.ടി.ഐ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ഉണ്ണി: | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| **(എ)** വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ; | **(എ)** വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എലമ്പുലാശ്ശേരി സർക്കാർ ഐ.ടി.ഐ. മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. |
| **(ബി)** ഓരോ സ്ഥാപനത്തിന്റെയും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എത്ര തുക അനുവദിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ; | **(ബി)** എലമ്പുലാശ്ശേരി സർക്കാർ ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണത്തിനായി എം.എൽ.എ ഫണ്ടിൽ നിന്നും ഒരു കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| **(സി)** ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ എലമ്പുലാശ്ശേരി സർക്കാർ ഐ.ടിഐ-യുടെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | **(സി)** ടി ഐ.ടി.ഐയിൽ അനുവദിച്ച ഡ്രാഫ്റ്റ്സ്മാൻ സിവിൽ (2 യൂണിറ്റ്) പ്ലംബർ (2 യൂണിറ്റ്) എന്നീ രണ്ട് ട്രേഡുകളിലുമായി 60 സീറ്റുകൾ അനുവദിച്ചിട്ടുണ്ട്. ഈ രണ്ടു ട്രേഡുകൾക്കും ഡി.ജി.റ്റിയുടെ അഫിലിയേഷൻ ലഭ്യമായിട്ടുമുണ്ട്. ഐ.ടി.ഐ.ക്ക് സ്ഥലം കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ